<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4880</u> <u>20-03-2025 - ൽ മറുപടിയ്ക്ക്</u>

## <u>കായംകുളം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാല നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് റെയിൽവേ മേൽപ്പാലം, മാമ്പറകുന്നേൽ റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിലെ കായംകുളം - തിരുവല്ല സംസ്ഥാന പാതയിൽ വരുന്ന കാക്കനാട് റെയിൽവേ മേൽപ്പാലം കെ.ആർ.ഡി.സി.എൽ നെ ഏല്പിച്ചിട്ടുള്ളതാണ്. പ്രസ്തുത മേൽപ്പാലം റെയിൽവേയുടെ 100 ശതമാനം ഫണ്ടിംഗിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള 11 (1) ഡിക്ലെയർ ചെയ്തിട്ടുള്ളതാണ്. ബി. വി. ആറും വാല്യുവേഷനും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്ട്രക്ച്ചറൽ വാല്യുവേഷൻ പ്രവൃത്തികൾ പുരോഗമന ഘട്ടത്തിലാണ്.<br><br>ആലപ്പുഴ ജില്ലയിലെ മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപാല നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 36.15 കോടിയുടെ പുതുക്കിയ സാമ്പത്തിക അനുമതി ലഭ്യമാക്കി ആദ്യത്തെ ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ 14.11.2024 ന് പദ്ധതി റീടെണ്ടർ ചെയ്തു. റീടെണ്ടറിൽ ഒരു ബിഡ്ഡർ പങ്കെടുത്തു. ടെക്നിക്കൽ ബിഡ് 17.12.2024 ൽ തുറക്കുകയും തുടർന്ന് ഫിനാൻഷ്യൽ ബിഡ് 18.01.2025 ൽ തുറക്കുകയും ചെയ്തു. എന്നാൽ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 24.34% അധികവും LMR തുകയേക്കാൾ 4.71% അധികവുമാണ്. ടെണ്ടർ അംഗീകാരത്തിനായി പ്രൊപ്പോസൽ ലഭ്യമാക്കിയതിനെ തുടർന്ന് എസ്റ്റിമേറ്റ് റീവർക്ക് ചെയ്ത് റീടെൻഡർ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ആർ.ബി.ഡി.സി.കെ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. നിലവിലെ എസ്റ്റിമേറ്റ് തയ്യാറാക്കിയ DSR-2018, ൽ മാറ്റം വരാത്തതിനാൽ എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്തുവാൻ കഴിയാത്തതായും കഴിഞ്ഞ രണ്ട് ടെൻഡറുകളിലും ഒന്നിൽ കൂടുതൽ പങ്കാളിത്തം ഇല്ലാത്ത സാഹചര്യത്തിൽ റീടെൻഡറിൽ കൂടുതൽ പങ്കാളിത്തം ഉണ്ടാവാനുള്ള സാധ്യത വളരെ |

| | | | |
|---|---|---|---|
| | | | കുറവാണെന്നും ആർ.ബി.ഡി.സി.കെ, മാനേജിംഗ്ഡയറക്ടർ അറിയിച്ചു. ഈ വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ